**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി - മനുഷ്യ സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി - മനുഷ്യ സംഘർഷം മൂലം നിരവധി ആളുകൾക്ക് ജീവഹാനി സംഭവിച്ചതും , കൃഷി നാശം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനും ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്കും, കർഷകർക്കുണ്ടായ കൃഷി നാശത്തിനും അർഹമായ നഷ്ട പരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. താഴെ പറയും പ്രകാരം നിലവിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 01.04.2000 മുതൽ 31.03.2021 വരെ മരണം, കൃഷിനാശം, പരിക്ക്, കന്നുകാലി നഷ്ടം, വീട് നാശം, വസ്തുവകകളുടെ നാശം എന്നിവയ്ക്ക് 28345 അപേക്ഷകളിലായി 8,41,18,772/- രൂപയ്ക്കുള്ള നഷ്ടപരിഹാരം അംഗീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാര തുക നൽകി വരുന്നു. |
| (സി) | ഇത്തരത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ, ഉണ്ടാകുന്ന നഷ്ടത്തിന് ആനുപാതികമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നത് 08.01.2015-ലെ സ.ഉ. (കൈ.) നം 02/2015/വനം, 05.04.2018-ലെ സ.ഉ.(കൈ) നം. 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരമാണ്. കണക്കാക്കപ്പെടുന്ന നഷ്ടത്തിൻറെ 100% (ഒരു തവണ പരമവധി 1 ലക്ഷം രൂപ വരെ) ആണ് നഷ്ടപരിഹാരമായി അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ 4 തവണ വരെയാണ് നഷ്ടപരിഹാരത്തിന് അർഹതയുള്ളത്. കൃഷി വകുപ്പിൻറെ വിള ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. |
| (ഡി) | വനത്തിനുള്ളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള |

ആവശ്യം ഉയരുന്നുണ്ട്. ഇതിലേക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി (14.11.2019-ലെ ജി.ഒ.(ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്)നം. 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സന്നദ്ധ പുനരധിവാസത്തിനായി കേന്ദ്രസർക്കാരിൻറെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക്, അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഇതിൻറെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെൻറുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി ഫെയ്സ് II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെൻറുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ. ഒരു കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണു താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്. 1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ. 2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ. 3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ) 4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ. 5. വിധവ അല്ലെങ്കിൽ വിവാഹമോചിത. രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ,

| | | | |
|---|---|---|---|
| | | | പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്. രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

2016-17 മുതൽ 2019-2020 വരെ മരണത്തിനും അംഗവൈകല്യത്തിനും നൽകിയ നഷ്ടപരിഹാരം

| വർഷം | അപേക്ഷകൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 943 | 467.10 |
| 2017-18 | 1437 | 919.21 |
| 2018-19 | 1524 | 1017.21 |
| 2019-20 | 735 | 509.35 |

2016-17 മുതൽ 2019-2020 വരെ കൃഷിനാശത്തിന് നൽകിയ നഷ്ടപരിഹാരം

| വർഷം | അപേക്ഷകൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 6461 | 420.40 |
| 2017-18 | 5681 | 392.89 |
| 2018-19 | 5747 | 439.82 |
| 2019-20 | 2267 | 176.46 |